LIBRARY ARCHIVES Kerala Legislative Assembly

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കോളനിയിൽ 1.90 കോടി രൂപ ചെലവിൽ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. കോളനിയിലേക്കുള്ള റോഡ് നിർമ്മാണത്തിന് മുൻ എം.പി. ശ്രീ. കെ. പി. ധനപാലൻ അവർകളുടെ ഫണ്ടിൽനിന്ന് 80 ലക്ഷം രൂപ അനുവദിച്ചുകിട്ടിയിട്ടുണ്ട്. കൂടാതെ കോളനിയിലെ തകർന്നു കിടക്കുന്ന രണ്ട് കലുങ്കുകളുടെ നിർമ്മാണം എറണാകുളം ജില്ലാ പഞ്ചായത്തിന്റെയും സ്ഥലം എം.എൽ.എ.-യുടെയും ഫണ്ടിൽ നിന്ന് നിർവ്വഹിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. തീർച്ചയായും ഇക്കാര്യങ്ങൾ പ്രത്യേകം പരിശോധിക്കുന്നതും എത്രയും പെട്ടെന്ന് പ്രസ്തുത സ്ഥലം സന്ദർശിക്കുന്നതുമാണ്.

(21) റോഡുകളുടെ തകർച്ച

ശ്രീ. എം. എ. വാഹീദ് : സർ, തിരുവനന്തപുരം നഗരത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതി വളരെ ദുരിതം വിതച്ചുകൊണ്ടിരിക്കുകയാണ്. പലയിടത്തും പൈപ്പ് പൊട്ടി ബി.എം. & ബി.സി. റോഡുകൾവരെ തകർന്നുകൊണ്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഒരു കിലോമീറ്ററിനുള്ളിൽ 50-60 സ്ഥലത്ത് പൈപ്പുകൾ പൊട്ടി റോഡുകൾ നാശമായിക്കൊണ്ടിരിക്കുന്നതുകാരണം ജപ്പാൻ കുടിവെള്ള പദ്ധതിയുടെ വാൽവ് അടച്ചിടുകയും ജലവിതരണം തടസ്സപ്പെട്ടിരിക്കുകയുമാണ്. ഈ പദ്ധതികൊണ്ട് വെള്ളവും കിട്ടുന്നില്ല റോഡും തകരുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ഞാൻ അന്വേഷിച്ചിടത്തോളം ഇത് അറ്റകുറ്റപ്പണി ചെയ്യാനുള്ള സംവിധാനം ഇവിടെയില്ല. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കോൺട്രാക്ടർമാർ അവരുടെ വർക്ക് പൂർത്തിയാക്കി പോയിക്കഴിഞ്ഞതിനാൽ മെയിന്റനൻസ് ചെയ്യാൻ ആളില്ലാത്ത അവസ്ഥയാണ്. അതുകൊണ്ട് മെയിന്റനൻസ് നടത്തി ജനങ്ങൾക്ക് വെള്ളം കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുകയും റോഡ് പുനഃസ്ഥാപിക്കുകയും ചെയ്യണമെന്നാണ് എന്റെ സബ്മിഷൻ.

മി. ചെയർമാൻ: ഇത് വളരെ ഗൗരവമുള്ള കാര്യമാണ്. തൊട്ടടുത്ത എന്റെ നിയോജക മണ്ഡലത്തിൽ ഇതിനേക്കാൾ ഭീകരമാണ് റോഡുകളുടെ സ്ഥിതി.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, തിരുവനന്തപുരം നഗരത്തിൽ ജപ്പാൻ ധനസഹായത്തോടുകൂടി നടപ്പാക്കിവരുന്ന ശുദ്ധജല വിതരണ വിപുലീകരണ പദ്ധതി ഭാഗീകമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. അരുവിക്കരയിൽ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിച്ച 74 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണശാല 2011 മുതൽ പൂർണ്ണശേഷിയിൽ പ്രവർത്തിച്ചുവരികയാണ്. ഇതുകൂടാതെ വട്ടിയൂർക്കാവ്, കുടപ്പനക്കുന്ന്, പൗഡിക്കോണം, മൺവിള, പോങ്ങുംമൂട് തുടങ്ങിയ സോണുകളിൽ ജലവിതരണ ടാങ്കുകൾ കമ്മീഷൻ ചെയ്ത് ജൈക്ക-ജൻറം പൈപ്പുകളിലെ ജലവിതരണം മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. കുടിവെള്ള വിതരണം ആരംഭിച്ച ചില സ്ഥലങ്ങളിൽ പി.വി.സി. പൈപ്പ് ലൈനുകളിൽ ജോയിന്റിൽ ലീക്കുകൾ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജപ്പാൻ-ജൻറം കുടിവെള്ള പദ്ധതിയുടെ കരാറുകൾ പ്രകാരം ഇത്തരത്തിലുള്ള ചോർച്ചകൾ പരിഹരിക്കേണ്ടത് കരാറുകാരുടെ ചുമതലയാണ്. പൈപ്പ് ലൈൻ കമ്മീഷൻ ചെയ്ത് നിശ്ചിത കാലയളവുവരെ കരാറുകാരാണ് അറ്റകുറ്റപ്പണികൾ നിർവ്വഹിക്കേണ്ടത്. ചോർച്ചമൂലം റോഡിനുണ്ടായ തകരാറുകൾ ശരിയാക്കുന്നതിനുള്ള തുക കരാറുകാരിൽനിന്ന് ഈടാക്കി ബന്ധപ്പെട്ട ഏജൻസിക്ക് നൽകുന്നതാണ്. ജൈക്ക - ജൻറം പദ്ധതിയുടെ കരാറുകാർ സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തുന്നില്ലെങ്കിൽ ബന്ധപ്പെട്ട വാട്ടർ അതോറിറ്റി ഓഫീസിൽ നിന്ന് പണികൾ നടത്തി ജലവിതരണം സുഗമമാക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യം വളരെ ഗൗരവമായി എടുത്ത് നടപടി സ്വീകരിക്കുന്നതാണ്.

(22) ചിത്താരികടപ്പുറത്തെ കടലാക്രമണം

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട അജാനൂർ പഞ്ചായത്തിൽ ചിത്താരികടപ്പുറത്ത് രൂക്ഷമായ കടലാക്രമണംമൂലം നിരവധി വീടുകൾ കടലെടുക്കുന്ന അവസ്ഥയിലാണ്. ഇപ്പോൾത്തന്നെ ഒരു വീട് പൂർണ്ണമായും കടലിൽ ഉൾപ്പെടുകയും 18 എണ്ണം തകർച്ചയുടെ വക്കിലുമാണ്. നൂറിലധികം തെങ്ങുകൾ കടപുഴകി വീഴുകയും 500 മീറ്ററോളം നീളത്തിൽ കര കടലെടുക്കുകയും ചെയ്തുകഴിഞ്ഞു. ഒരുഭാഗം കടലും മറുഭാഗത്ത് പുഴയുമായി നിൽക്കുന്ന ദ്വീപ് പോലുള്ള പ്രദേശത്താണ് ഇവിടത്തെ ആളുകൾ അധിവസിച്ചുവരുന്നത്. 640 ഓളം കുടുംബങ്ങൾ ഇവിടെ താമസിച്ചുവരികയാണ്. 500 മീറ്ററോളം ഇപ്പോൾ കടൽ കയറിക്കഴിഞ്ഞു ഇനി അവശേഷിക്കുന്ന ഏതാണ്ട് നൂറിലധികം മീറ്റർ മാത്രം വരുന്ന പ്രദേശമാണ് ഇവിടെ നിലനിൽക്കുന്നത്. തീരദേശത്ത് ശക്തമായ രീതിയിൽ കടൽഭിത്തി കെട്ടാൻ ഇനിയും താമസിച്ചാൽ അടുത്ത കാലവർഷം ആകുമ്പോഴേക്കും ദ്വീപ് പൂർണ്ണമായും ഇല്ലാത്ത അവസ്ഥയിൽ ചെന്നെത്തും. അത്രയേറെ ഗൗരവതരമായ വിഷയമാണ് അവിടെ നിലനിൽക്കുന്നത്. ഈ സാഹചര്യത്തിൽ, വീട് പൂർണ്ണമായി നശിച്ചവർക്കും ഭാഗികമായി വീടുകൾ